# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2114 — 05.05.2017 ന് മറുപടിയ്ക്ക്.

## കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കാട്ടുമൃഗങ്ങളുടെ ആക്രമണം കൂടി വരുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; | (എ) സംസ്ഥാനത്തെ വനാതിർത്തി പ്രദേശങ്ങളിലുള്ള ജനവാസ കേന്ദ്രങ്ങളിലും കൃഷിയിടങ്ങളിലും വന്യമൃഗശല്യം ലഘൂകരിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. കൂടാതെ, മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കാര്യക്ഷമമായി ഈ പ്രശ്നം പരിഹരിക്കുന്നതിന് തദ്ദേശീയരും, ജനപ്രതിനിധികളും, വനം വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ രൂപീകരിക്കുവാൻ 07.02.2017-ലെ സ.ഉ.(സാധാ)നം.51/2017/വനം പ്രകാരം ഉത്തരവാകുകയും, 175 ജനജാഗ്രതാ സമിതികൾ ഇതിനോടകം രൂപീകരിച്ചിട്ടുമുണ്ട്. |
| (ബി) ജനവാസമേഖലയിലേയ്ക്ക് കടന്നുകയറുന്ന കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിന് സഹായകരമായ പുതിയ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; | (ബി) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവെച്ചു കൊല്ലുന്നതിന് നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവ് (എം.എസ്) നം.95/2014/വനം തീയതി 17.11.2014-ന്റെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് കാലാവധി നീട്ടി പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലം ഉണ്ടാകുന്ന നഷ്ടത്തിന് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; സഹായം എളുപ്പത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന ജീവനാശത്തിന് മുമ്പ് നൽകിയിരുന്നത് 3 ലക്ഷം രൂപയായിരുന്നു. ആയത് 2014-ലെ സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷം രൂപയും, വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയുമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. മനുഷ്യർക്കുണ്ടാകുന്ന പരിക്ക്, സ്ഥിരമായ അംഗവൈകല്യം, കന്നുകാലികൾക്കും, വീടുകൾക്കും തുടങ്ങി മറ്റു നാശനഷ്ടങ്ങൾ എന്നിവയ്ക്ക് നൽകി വന്നിരുന്ന നഷ്ടപരിഹാരത്തുക 2013-ൽ വർദ്ധിപ്പിക്കുകയും പരമാവധി 75,000/- രൂപയാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ |

വർഷത്തിൽ പരമാവധി 4 തവണ വരെ നഷ്ടപരിഹാരത്തിന് ഒരു വ്യക്തിക്ക് അപേക്ഷിക്കാവുന്നതാണ്.

നഷ്ടപരിഹാരത്തുക വേഗത്തിലും സുതാര്യത-യോടെയും അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട നടപടികൾ ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈനായി ആണ് 01.08.2016 മുതൽ സ്വീകരിച്ചു വരുന്നത്.

Sd/-

സെക്ഷൻ ഓഫീസർ